**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 990** **13/06/2013-ൽ മറുപടിക്ക്**

**സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാസുരക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| സ്കൂൾ വിദ്യാർത്ഥികളുടെ യാത്ര സുരക്ഷിതമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കുമോ ? | ഓരോ സ്കൂളിലുമുള്ള വാഹനങ്ങളെ സംബന്ധിച്ചും സ്കൂളിലേക്ക് കുട്ടികളെ കൊണ്ടുവരുന്ന മറ്റു വാഹനങ്ങളെ സംബന്ധിച്ചും ഒരു വാഹന രജിസ്റ്റർ സൂക്ഷിക്കുകയും അതിൽ ഡ്രൈവറുടെയും കുട്ടികളുടെയും പേരുവിവരങ്ങൾ എഴുതി സൂക്ഷിക്കുക, വാഹനത്തെ സംബന്ധിച്ചുള്ള ദൈനംദിന കാര്യങ്ങൾ ശ്രദ്ധിക്കുവാൻ ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ ചുമതലപ്പെടുത്തുക, വാഹന സഞ്ചാരത്തെ സംബന്ധിച്ച് പി.ടി.എയിൽ നിന്ന് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുക തുടങ്ങിയ വിശദമായ നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകി എല്ലാ സ്കൂളിലെ കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ തല പോലീസ്, മോട്ടോർ വാഹന വകുപ്പുകളുമായി ആലോചിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. |

Sreedevi

**സെക്ഷൻ ഓഫീസർ**